## മധുരമായ കുട്ടികളേ, നിശ്ചയമാണ് ജ്ഞാനത്തിന്റെ ആധാരം, നിശ്ചയബുദ്ധിയായി പുരുഷാർത്ഥം ചെയ്യു എങ്കിൽ ലക്ഷ്യത്തിലേക്ക് എത്തിച്ചേരും.

**ചോദ്യം:–** വളരെയധികം മനസിലാക്കേണ്ടതും നിശ്ചയം ഉണ്ടാകേണ്ടതുമായ കാര്യമേതാണ്?
**ഉത്തരം:–** ഇപ്പോൾ സർവ്വ ആത്മാക്കളുടെയും കണക്കുകൾ അവസാനിക്കുവാൻ പോകുകയാണ്. സർവ്വരും കൊതുകിൻ കൂട്ടത്തെപ്പോലെ തന്റെ മധുരമായ വീട്ടിലേക്ക് പോകും, പിന്നെ പുതിയ ലോകത്തിൽ കുറച്ച് ആത്മാക്കൾ വരും. ഇത് വളരെയധികം മനസിലാക്കേണ്ടതും നിശ്ചയമുണ്ടാകേണ്ടതുമായ കാര്യമാണ്.

**ചോദ്യം:–** ബാബ ഏത് കുട്ടികളെ കണ്ടാണ് സന്തോഷിക്കാറുള്ളത്?
**ഉത്തരം:–** ഏത് കുട്ടികളാണോ ബാബയുടെമേൽ പൂർണ്ണമായും ബലിയാകുന്നത്, മായയ്ക്ക് ഇളക്കാൻ സാധിക്കാത്തത് അതായത് അംഗദനെ പോലെ അചഞ്ചലവും ദൃഢവുമായിരിക്കുന്നത് അങ്ങനെയുള്ള കുട്ടികളെ കണ്ടാണ് ബാബയും സന്തോഷിക്കുന്നത്.

**ഗീതം:–** ക്ഷമയോടെയിരിക്കൂ മനുഷ്യാ......

**ഓം ശാന്തി**. കുട്ടികൾ എന്താണ് കേട്ടത്? ഇത് ബാബയ്ക്കല്ലെ പറയാൻ സാധിക്കൂ. സന്ന്യാസിമാർക്കോ മുനിമാർക്കോ ആർക്കും പറയാൻ സാധിക്കില്ല. പാർലൗകീക പരിധിയില്ലാത്ത അച്ഛനാണ് കുട്ടികളോട് പറയുന്നത് കാരണം ആത്മാവിലാണ് മനസും ബുദ്ധിയും ഉള്ളത്. ആത്മാക്കളോട് പറയുന്നു– ഇപ്പോൾ ധൈര്യവാനാകൂ. കുട്ടികൾക്കേ അറിയാവൂ– ഈ പരിധിയില്ലാത്ത അച്ഛൻ മുഴുവൻ ലോകത്തോടും പറയുന്നു ക്ഷമയോടെയിരിക്കൂ എന്ന്. ഇപ്പോൾ നിങ്ങളുടെ സുഖ, ശാന്തിയുടെ ദിവസം വരാൻ പോകുകയാണ്. ഇത് ദുഃഖധാമമാണ് ഇതിനു ശേഷം പിന്നെ സുഖധാമം വരിക തന്നെ ചെയ്യും. സുഖധാമത്തിന്റെ സ്ഥാപന ബാബതന്നെയല്ലേ ചെയ്യുക. കുട്ടികൾക്ക് അച്ഛനാണ് ധൈര്യം നല്കുന്നത്. ആദ്യം നിശ്ചയം വേണ്ടേ. ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർക്കാണ് നിശ്ചയം ഉണ്ടാകുന്നത്. അല്ലെങ്കിൽ ഇത്രയും ബ്രാഹ്മണർ എവിടെ നിന്ന് വന്നു? ബ്രഹ്മാകുമാർ കുമാരിമാർ അർത്ഥം പുത്രൻമാരും പുത്രിമാരും. ഇത്രയും പേരെ ബ്രഹ്മാകുമാർ കുമാരികൾ എന്ന് വിളിക്കുന്നു അപ്പോൾ തീർച്ചയായും പ്രജാപിതാബ്രഹ്മാവും ഉണ്ടാകില്ലേ! ഇത്രയും പേർക്ക് ഒരേഒരു അമ്മയും അച്ഛനുമാണ്, മറ്റുള്ളവർക്കെല്ലാം വേറെ വേറെ അമ്മയും അച്ഛനുമാണ്. ഇവിടെ നിങ്ങൾക്കെല്ലാം ഒരേഒരു അമ്മയും അച്ഛനുമാണ്. പുതിയ കാര്യമല്ലേ. നിങ്ങൾ ബ്രാഹ്മണരായിരുന്നില്ല, ഇപ്പോളായിരിക്കുന്നു. ആ ബ്രാഹ്മണർ ശരീരവംശാവലികളാണ്, നിങ്ങൾ മുഖവംശാവലികളാണ്. ആരാണ് നമുക്ക് മനസിലാക്കി തരുന്നതെന്ന് ഓരോ കാര്യത്തിലും ആദ്യം നിശ്ചയമുണ്ടായിരിക്കണം. ഇപ്പോൾ കലിയുഗത്തിന്റെ അന്ത്യമാണ്, യുദ്ധം മുന്നിൽ ഉണ്ട്. യൂറോപ്പ്വാസി യാദവരും ഉണ്ട്, അവരാണ് ബോംബ് തുടങ്ങിയവയുടെ കണ്ടുപിടുത്തം നടത്തിയത്. വയറിൽനിന്ന് ഉലക്ക വന്നു, അതിലൂടെ തന്റെതന്നെ കുലത്തിന്റെ വിനാശം ചെയ്തു. അതുപോലെ കുലത്തിന്റെ വിനാശം തീർച്ചയായും ചെയ്യും. ഒരേ കുലത്തിലേത് തന്നെയാണ് എന്നാൽ ഞങ്ങൾ വിനാശം ചെയ്യുമെന്ന് പരസ്പരം പറഞ്ഞുകൊണ്ടിരിക്കുന്നു. ഇതും എഴുതിയിട്ടുണ്ട്. അതുകൊണ്ട് ക്ഷമയോടെയിരിക്കൂ എന്ന് ബാബ ഇപ്പോൾ മനസിലാക്കി തരുന്നു.

ഇപ്പോൾ ഈ പഴയ ലോകം നശിക്കുവാൻ പോകുകയാണ്. കലിയുഗം നശിച്ചാലല്ലേ സത്യയുഗം വരൂ. വിനാശത്തിനു മുൻപ് തീർച്ചയായും സ്ഥാപന നടക്കണം. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം എന്ന് മഹിമ പാടുന്നു. ആദ്യം സ്ഥാപന ചെയ്യും പിന്നെ സ്ഥാപന പൂർണ്ണമായി കഴിയുമ്പോൾ വിനാശം ഉണ്ടാകും. സ്ഥാപന നടന്നുകൊണ്ടിരിക്കുന്നു. ഇത് വേറിട്ട മാർഗ്ഗമാണ് എന്ന് ആരും മനസിലാക്കുന്നില്ല. ആരും മുൻപ് കേട്ടിട്ടില്ല അതുകൊണ്ട് മറ്റ് മഠങ്ങൾ മാർഗ്ഗങ്ങൾ ഉള്ളതുപോലെ ഇത് ബ്രഹ്മാകുമാരികളുടേതാണെന്ന് കരുതുന്നു. ആ പാവങ്ങളുടെ ദോഷമല്ല. കല്പം മുൻപും ഇങ്ങനെ തന്നെ വിഘ്നങ്ങൾ ഇട്ടിരുന്നു. ഇത് രുദ്ര ജ്ഞാന യജ്ഞമാണ്. ശിവനെയാണ് രുദ്രനെന്ന് പറയുന്നത്. ശിവനാണ് രാജയോഗം പഠിപ്പിക്കുന്നത്, അതിനെ പ്രാചീന സഹജരാജയോഗം എന്ന് പറയുന്നു. പ്രാചീനമെന്നതിന്റെ അർത്ഥവും അറിയില്ല. ഈ സംഗമയുഗത്തിന്റെ കാര്യമാണ്, പതിതവും പാവനവും അപ്പോൾ സംഗമമല്ലേ. സത്യയുഗ ആദിയിൽ ഒരു ധർമ്മമാണ്. നിങ്ങൾ ദൈവീക സമ്പ്രദായക്കാരാണ്. അവർ ആസുരീയ സമ്പ്രദായക്കാരാണ്, യുദ്ധത്തിന്റെയൊന്നും കാര്യമേയില്ല. ഇതും തെറ്റാണ്. നിങ്ങൾ സഹോദര സഹോദരൻമാർക്ക് എങ്ങനെ വഴക്ക് കൂടാൻ സാധിക്കും.

ബാബ ബ്രഹ്മാബാബയിലൂടെയിരുന്ന് സർവ്വ വേദശാസ്ത്രങ്ങളുടേയും സാരം പറഞ്ഞുതരുന്നു. വാസ്തവത്തിൽ 4 ധർമ്മങ്ങളാണ് മുഖ്യം. അവയുടെ 4 ധർമ്മ ശാസ്ത്രങ്ങളുമുണ്ട്. അതിൽ ആദ്യത്തേതാണ് ആദി സനാതന ദേവീദേവതാ ധർമ്മം, അതിന്റെ ശാസ്ത്രമാണ് സർവ്വശാസ്ത്രമയീ ശിരോമണി ഗീത. ഭാരതത്തിന്റെ ആദ്യത്തെ മുഖ്യ ശാസ്ത്രമാണ് ഗീത. അതിലൂടെയാണ് ആദി സനാതന ദേവീദേവതാ ധർമ്മം അഥവാ സൂര്യവംശീ, ചന്ദ്രവംശീ ധർമ്മം സ്ഥാപിക്കപ്പെട്ടത്. അപ്പോൾ തീർച്ചയായും സംഗമത്തിൽ ആയിരിക്കും നടന്നിട്ടുണ്ടാകുക. അതിനെ കുംഭം എന്നും പറയുന്നു. ഇത് കുംഭ മേളയാണെന്ന് നിങ്ങൾക്കറിയാം– ആത്മാ പരമാത്മാവിന്റെ മേളയാണ്, ഇത് സന്തോഷകരമായ മംഗളകാരിയാണ്. കലിയുഗം മാറി സത്യയുഗം വരുകതന്നെ ചെയ്യണം. അതുകൊണ്ട് മംഗളകാരി എന്ന് പറയുന്നു. സത്യയുഗത്തിൽ നിന്ന് ത്രേത ആകുന്നു, പിന്നെ ത്രേതായിൽ നിന്ന് ദ്വാപരം ആകുമ്പോൾ കലകൾ കുറഞ്ഞുപോകുന്നു. അമംഗളം ഉണ്ടാകുന്നു. ശേഷം തീർച്ചയായും മംഗളം ചെയ്യുന്നവർ വേണം. പൂർണ്ണമായും അമംഗളം ഉണ്ടാകുമ്പോളാണ് സർവ്വരുടേയും മംഗളം ചെയ്യുവാൻ ബാബ വരുന്നത്. ബുദ്ധി ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. തീർച്ചയായും മംഗളം ചെയ്യുവാൻ സംഗമത്തിൽ ബാബ വരണം. സർവ്വരുടേയും സദ്ഗതി ദാതാവ് ബാബയാണ്. ദ്വാപരയുഗത്തിൽ സർവ്വരുമില്ല. സത്യ ത്രേതായിലും സർവ്വരുമില്ല. അന്തിമത്തിൽ സർവ്വ ആത്മാക്കളും വന്ന് കഴിയുമ്പോൾ ബാബ വരുന്നു. അങ്ങനെ ബാബ തന്നെയാണ് വന്ന് ധൈര്യം നല്കുന്നത്. കുട്ടികൾ പറയുന്നു: ബാബാ ഈ പഴയ ലോകത്തിൽ വളരെ ദു:ഖമാണ്, ബാബാ ഉടൻ കൂട്ടികൊണ്ട് പോകൂ. ബാബ പറയുന്നു: ഇല്ല കുട്ടി, ഈ ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്, പെട്ടെന്ന് ഭ്രഷ്ടാചാരിയിൽ നിന്ന് ശ്രേഷ്ഠാചാരിയാകില്ല. നിശ്ചയബുദ്ധിയായി പിന്നെ പുരുഷാർത്ഥം ചെയ്യണം. സെക്കന്റിൽ ജീവൻ മുക്തി എന്നത് ശരിയാണ്. കുട്ടിയായി എന്നാൽ ആസ്തിക്ക് അധികാരിയായി, എന്നാലും അവിടെയും സംഖ്യാക്രമത്തിൽ അല്ലേ പദവികൾ. ഉയർന്ന പദവി നേടുന്നതിനായി പഠിത്തത്തിൽ പുരുഷാർത്ഥം ചെയ്യണം. കർമ്മാതീത അവസ്ഥ പെട്ടെന്നുണ്ടാകില്ല. എങ്കിൽ പിന്നെ ശരീരം പെട്ടെന്ന് ഉപേക്ഷിക്കേണ്ടി വരും. ഇങ്ങനെ നിയമമില്ല. മായയോട് നല്ല രീതിയിൽ യുദ്ധം ചെയ്യണം. യുദ്ധം 8–10 വർഷം വരെയും നടന്നുകൊണ്ടിരിക്കുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങളുടെ യുദ്ധം മായയോടാണ്. ബാബ ഉള്ളയിടത്തോളം നിങ്ങളുടെ യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. ആര് എത്രത്തോളം മായയെ ജയിച്ചു! എത്രത്തോളം കർമ്മാതീത അവസ്ഥയിലേക്ക് എത്തിച്ചേർന്നു! എന്ന് അവസാനം ഫലം വരും. ബാബ പറയുന്നു: എത്രത്തോളം സാധിക്കുന്നുവോ തന്റെ വീടിനെ ഓർമ്മിക്കു. അതാണ് ശാന്തിധാമം. വാണിക്കുപരിയായ സ്ഥാനം അതാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ സന്തോഷം ഉണ്ട്. ഈ ഡ്രാമ എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം.

നിങ്ങൾക്ക് മൂന്ന് ലോകങ്ങളെക്കുറിച്ചും അറിയാം. മറ്റാരുടേയും ബുദ്ധിയിൽ ഇല്ല. ബ്രഹ്മാബാബ ശാസ്ത്രങ്ങളൊക്കെ വളരെ പഠിച്ചിട്ടുണ്ടായിരുന്നു എന്നാൽ ഇക്കാര്യങ്ങളൊന്നും ബുദ്ധിയിൽ ഉണ്ടായിരുന്നില്ല. ഗീതയൊക്കെ വായിച്ചിട്ടുണ്ടായിരുന്നു എന്നാൽ നമ്മൾ ദൂരദേശത്ത്, പരംധാമത്തിൽ വസിക്കുന്നവരാണെന്ന് ബുദ്ധിയിൽ ഉണ്ടായിരുന്നില്ല. ഇപ്പോളറിഞ്ഞു നമ്മളുടെ ബാബ, ആരെയാണോ പരമപിതാ പരമാത്മാവെന്ന് വിളിക്കുന്നത് ആ ബാബ പരംധാമത്തിൽ ആണ് വസിക്കുന്നത്. പതീത–പാവനാ വരൂ എന്ന് സർവ്വരും ബാബയെ ഓർമ്മിക്കുന്നു. ആർക്കും തിരിച്ച് മടങ്ങാൻ സാധിക്കില്ല. ഭൂൽ ഭുലൈയ്യാ കളിപോലെയാണ്. എവിടെ നിന്ന് പോയാലും വാതിലിന്റെ മുന്നിൽ വരുന്നു. ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ സാധിക്കില്ല. ആരെങ്കിലും വഴി പറഞ്ഞുതരൂ എന്ന് ക്ഷീണിതരാകുമ്പോൾ നിലവിളിക്കുന്നു. ഇവിടെയാണെങ്കിലും എത്രതന്നെ വേദ ശാസ്ത്രങ്ങൾ പഠിക്കുന്നു, തീർത്ഥയാത്രയ്ക്ക് പോകുന്നു, എന്നാൽ എവിടെയാണ് നമ്മൾ പോകുന്നത്! ഒന്നും തന്നെ അറിയില്ല. ഇന്നയാൾ ജ്യോതി ജ്യോതിയിൽ പോയി ലയിച്ചു എന്ന് കേവലം പറയുന്നു. ബാബ പറയുന്നു: ആർക്കും തന്നെ മടങ്ങാൻ സാധിക്കില്ല. നാടകം പൂർണ്ണമാകാറാകുമ്പോൾ സർവ്വ അഭിനേതാക്കളും സ്റ്റേജിലേക്ക് വരുന്നു. ഇത് നിയമമാണ്. സർവ്വരും ആ വേഷത്തിൽ വന്ന് നിൽക്കുന്നു. എല്ലാവരും മുഖം കാണിച്ചിട്ട് പിന്നെ വസ്ത്രങ്ങളൊക്കെ മാറി വീട്ടിലേക്ക് ഓടി പോകുന്നു. വീണ്ടും അതേ പാർട്ട് പുനരാവർത്തിക്കുന്നു. ഇതാണെങ്കിൽ പരിധിയില്ലാത്ത നാടകമാണ്. ഇപ്പോൾ നിങ്ങൾ ദേഹി–അഭിമാനികളാകുന്നു, നമ്മൾ ആത്മാക്കൾ ഈ ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് സ്വീകരിക്കുമെന്ന് അറിയാം. പുനർജൻമം ഉണ്ടാകുന്നുണ്ടല്ലോ. 84 ജൻമങ്ങളിൽ നാം 84 നാമങ്ങൾ ധാരണ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ നാടകം പൂർണ്ണമായിരിക്കുന്നു, എല്ലാവരുടേയും ജീർണ്ണ അവസ്ഥയാണ്. ഇനി വീണ്ടും പുനരാവർത്തിക്കും. ലോകത്തിന്റെ ഹിസ്റ്ററി ജ്യോഗ്രഫി വീണ്ടും ആവർത്തിക്കും. ഇപ്പോൾ നമ്മളുടെ പാർട്ട് പൂർണ്ണമാകും, പിന്നെ തിരിച്ച് പോകും എന്ന് നിങ്ങൾക്കറിയാം.

ബാബയുടെ നിർദ്ദേശവും കുറഞ്ഞതൊന്നുമല്ല. പതീത–പാവനനായ ബാബ ഇരുന്ന് മനസിലാക്കിതരുന്നു: കുട്ടികളേ, നിങ്ങൾക്ക് വളരെ സഹജമായ ഉപായം പറഞ്ഞുതരുന്നു. എഴുനേൽക്കുമ്പോഴും ഇരിക്കുമ്പോഴും

നടക്കുമ്പോഴും നമ്മൾ അഭിനേതാക്കളാണെന്ന് മനസിൽ വയ്ക്കു. 84 ജൻമങ്ങൾ ഇപ്പോൾ പൂർണ്ണമായിരിക്കുന്നു. ഇപ്പോൾ പൂക്കളാക്കാൻ, മനുഷ്യനിൽ നിന്ന് ദേവതയാക്കാൻ ബാബ വന്നിരിക്കുന്നു. പതിതരായ നമ്മളെ പാവനമാക്കികൊണ്ടിരിക്കുന്നു. നമ്മൾ അനേക പ്രാവശ്യം പതിതത്തിൽ നിന്ന് പാവനമായിട്ടുണ്ട് വീണ്ടും ആകും. ഹിസ്റ്ററി ജ്യോഗ്രഫി പുനരാവർത്തിക്കും. ആദ്യം ദേവീ- ദേവതാ ധർമ്മത്തിലുള്ളവരാണ് വരുന്നത്. ഇപ്പോൾ തൈകൾ നട്ടുകൊണ്ടിരിക്കുന്നു. നമ്മൾ ഗുപ്തമാണ്. നമ്മൾ ആഘോഷം തുടങ്ങിയവ എന്ത് നടത്താനാണ്. നമുക്ക് ഉള്ളിൽ ജ്ഞാനമുണ്ട്, ഉള്ളിൽ സന്തോഷം ഉണ്ട്. നമ്മളുടെ ദേവീ- ദേവതാ ധർമ്മം അഥവാ വൃക്ഷത്തിന്റെ ഇലകൾ ഏതൊക്കെയാണോ അവയെല്ലാം ഇപ്പോൾ ധർമ്മ ഭ്രഷ്ഠം, കർമ്മ ഭ്രഷ്ഠമായിരിക്കുന്നു. ഇതേ ഭാരതവാസികളുടെ ധർമ്മം, കർമ്മം ശ്രേഷ്ഠമായിരുന്നു. മായ ഒരിക്കലും പാപം ചെയ്യിപ്പിച്ചിരുന്നില്ല. പുണ്യ ആത്മാക്കളുടെ ലോകമായിരുന്നു. അവിടെ രാവണൻ ഉണ്ടായിരിക്കില്ല, അവിടെ കർമ്മം അകർമ്മമായിരിക്കും. പിന്നെ രാവണ രാജ്യത്തിൽ കർമ്മം വികർമ്മമാകാൻ തുടങ്ങുന്നു. അവിടെ വികർമ്മമുണ്ടാകുക അസാധ്യമാണ്. ഭ്രഷ്ഠാചാരികളായി ആരും തന്നെ ഉണ്ടാകില്ല. നിങ്ങൾ കുട്ടികൾ ശ്രീമതമനുസരിച്ച് യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരികളാകുന്നു. ബാഹുബലത്തിലൂടെ ആർക്കും വിശ്വത്തിന്റെ അധികാരികളാകാൻ സാധിക്കില്ല. അഥവാ ഇവർ പരസ്പരം യോജിച്ച് പോയിരുന്നുയെങ്കിൽ വിശ്വത്തിന്റെ അധികാരികളാകാൻ സാധിക്കും. എന്നാൽ ഡ്രാമയിൽ ആ പാർട്ട് ഇല്ല. കാണിക്കാറുണ്ട് രണ്ട് പൂച്ചകൾ തമ്മിൽ അടികൂടികൊണ്ടിരുന്നു അപ്പോൾ വെണ്ണ ഇടയ്ക്ക് നിന്ന് കുരങ്ങൻ വന്ന് കഴിച്ചിട്ട് പോയി. കൃഷ്ണന്റെ വായിൽ വെണ്ണയുമായിരിക്കുന്നത് സാക്ഷാത്ക്കാരം കിട്ടാറുണ്ട്. ഈ സൃഷ്ടിയുടെ രാജ്യമാകുന്ന വെണ്ണ ലഭിക്കുന്നു. ബാക്കി യുദ്ധമുണ്ടാകുന്നത് യാദവരുടേയും കൗരവരുടേയും ആണ്. അത് കാണുന്നുണ്ട്, നടന്നുകൊണ്ടിരിക്കുന്നു. ഇന്നയിടത്ത് ഇത്ര വലിയ ഹിംസയുണ്ടായി എന്ന് പത്രത്തിൽ വായിച്ചു, അപ്പോൾ ഉടൻ തന്നെ ആര് ആരെയെങ്കിലും കൊല്ലും. ഭാരതത്തിൽ ആദ്യം ഒരേയൊരു ധർമ്മമായിരുന്നു. പിന്നെ മറ്റ് ധർമ്മങ്ങളുടെ രാജ്യം എവിടെ നിന്ന് വന്നു? ക്രിസ്ത്യൻസ് ശക്തിശാലികളായിരുന്നു അതുകൊണ്ടാണ് അവർ രാജ്യം ഭരിച്ചത്. വാസ്തവത്തിൽ ഇപ്പോൾ ലോകം മുഴുവനും രാവണൻ അധികാരം പിടിച്ചെടുത്തിരിക്കുന്നു. ഇത് പിന്നെ ഗുപ്തമായ കാര്യമാണ്. ശാസ്ത്രങ്ങളിൽ ഒന്നും തന്നെ ഇക്കാര്യങ്ങളില്ല. ഈ വികാരം നിങ്ങളുടെ പകുതി കൽപ്പത്തെ ശത്രുവാണ്, ഇതിലൂടെയാണ് നിങ്ങൾ ആദി മദ്ധ്യ അന്ത്യം ദു:ഖം അനുഭവിച്ചത് അതുകൊണ്ടാണ് കാകവിഷ്ട സമാന സുഖമാണെന്ന് സന്ന്യാസിമാരും പറഞ്ഞതെന്ന് ബാബ മനസിലാക്കിതരുന്നു. സ്വർഗ്ഗത്തിൽ സദാ സുഖം തന്നെ സുഖമാണെന്ന് അവർക്കറിയില്ല. ഭാരതവാസികൾക്കറിയാം അതുകൊണ്ടാണ് ആരെങ്കിലും മരിച്ചു കഴിഞ്ഞാൽ സ്വർഗ്ഗത്തിലേക്ക് പോയിയെന്ന് പറയുന്നത്. സ്വർഗ്ഗത്തിന് എത്ര മഹിമയാണ് അപ്പോൾ തീർച്ചയായും ഈ കളിയുണ്ട്, എന്നാൽ നിങ്ങൾ നരകവാസിയാണെന്ന് ആരോടെങ്കിലും പറഞ്ഞാൽ അവർ പ്രശ്നമുണ്ടാക്കും. എത്ര അതിശയകരമായ കാര്യമാണ്. വായിലൂടെ പറയുന്നു സ്വർഗ്ഗവാസിയായി, എങ്കിൽ തീർച്ചയായും നരകത്തിൽ നിന്നല്ലേ പോയത്. പിന്നെ നിങ്ങൾ എന്തിനാണ് അവരെ വിളിച്ച് നരകത്തിലെ വസ്തുക്കൾ കഴിപ്പിക്കുന്നത്? സ്വർഗ്ഗത്തിൽ അവർക്ക് വളരെ നല്ല വൈഭവങ്ങൾ ലഭിക്കുമായിരിക്കില്ലേ! ഇതിന്റെ അർത്ഥം നിങ്ങൾക്ക് നിശ്ചയം ഇല്ലെന്നല്ലേ. അവിടെ എന്തൊക്കെയുണ്ടെന്ന് കുട്ടികൾ കണ്ടിട്ടുണ്ട്. നരകത്തിൽ നോക്കൂ എന്തൊക്കെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കുട്ടികൾ അച്ഛനെ കൊല്ലാനും താമസിക്കില്ല. പത്നിയ്ക്ക് മറ്റ് ആരോടെങ്കിലും മനസ് വന്നാൽ പതിയെയും കൊന്ന് കളയുന്നു. ഭാരതത്തിൽ ഒരു പാട്ടുണ്ടാക്കിയിട്ടുണ്ട് - ഒരു വശത്ത് പറയുന്നു: ഇന്നത്തെ യുവാക്കൾക്ക് എന്താണ് സംഭവിച്ചിരിക്കുന്നത്... പിന്നെ പറയുന്നു: നമ്മുടെ ഭാരതം ഏറ്റവും നല്ലത്, സ്വർണ്ണത്തിന്റേതാണ്. അല്ലയോ കുട്ടികളേ, ഭാരതം ഏറ്റവും നല്ലതായിരുന്നു, ഇപ്പോളല്ല. ഇപ്പോൾ നിർദ്ധനമാണ്, ഒരു സുരക്ഷിതത്വവും ഇല്ല. നമ്മളും ആസുരീയ സമ്പ്രദായത്തി ലേതായിരുന്നു. ഇപ്പോൾ ബാബ നമ്മളെ ഈശ്വരീയ സമ്പ്രദായത്തിലേതാക്കാൻ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. പുതിയ കാര്യമല്ല. കല്പ-കല്പം, കല്പത്തിന്റെ സംഗമത്തിൽ നാം വീണ്ടും നമ്മളുടെ ആസ്തിയെടുക്കുന്നു. ബാബ ആസ്തി തരാൻ വരുന്നു. മായ പിന്നെ ശപിക്കുന്നു. എത്ര സാമർത്ഥ്യമാണ്. ബാബ പറയുന്നു: മായേ നീ എത്ര ക്രൂരയാണ്, വളരെ നല്ലവരെ പോലും വീഴ്ത്തുന്നു. ആ സേനയിൽ മരിക്കുവാനും കൊല്ലുവാനുമുള്ള വിഷമം വരില്ല. മുറിവേറ്റാലും പിന്നെയും മൈതാനത്തിൽ വരുന്നു, അവരുടെ ജോലി തന്നെ ഇതാണ്, പ്രൊഫഷണൽ ആണ്. അവർക്ക് പിന്നീട് സമ്മാനവും ലഭിക്കുന്നു. ഇവിടെ നിങ്ങൾ കുട്ടികൾ ശിവബാബയിൽ നിന്ന് ശക്തിയെടുക്കുന്നു, മായയുടെമേൽ ജയിക്കുന്നു. ബാബ വക്കീലാണ്, ബാബ നിങ്ങളെ മായയിൽ നിന്ന് മോചിപ്പിക്കുന്നു. നിങ്ങൾ ശിവശക്തീ സേനയാണ്, മാതാക്കളെ മുന്നിൽ വച്ചിരിക്കുന്നു, വന്ദേ മാതരം. ഇതാരാണ് പറഞ്ഞത്? ബാബയാണ്, കാരണം നിങ്ങൾ ബാബയുടെമേൽ ബലിയാകുന്നു. ബാബയ്ക്ക് സന്തോഷം ഉണ്ടാകുന്നു- ഇവർ നന്നായി നിൽക്കുന്നു, ഇളകുന്നില്ല. അംഗദന്റെ ഉദാഹരണം ഉണ്ടല്ലോ, അദ്ദേഹത്തെ രാവണന് ഇളക്കാൻ സാധിച്ചില്ല. ഇത് അന്തിമ സമയത്തിലെ കാര്യമാണ്. അന്തിമ സമയത്ത് ആ അവസ്ഥ ഉണ്ടാകണം. അപ്പോൾ നിങ്ങൾക്ക് വളരെ സന്തോഷം

ഉണ്ടാകും. വിനാശം ഉണ്ടാകാതെ, ഭൂമി പവിത്രമാകാതെ ഇരിക്കുന്നിടത്തോളം ദേവതകൾക്ക് വരാൻ സാധിക്കില്ല. വൈക്കോൽ കൂനക്ക് തീ തീർച്ചയായും പിടിക്കണം. സർവ്വ ആത്മാക്കൾക്കും കർമ്മ കണക്കുകൾ അവസാനിപ്പിച്ച് കൊതുകിൻ കൂട്ടത്തെപോലെ മധുരമായ വീട്ടിലേക്ക് തിരിച്ച് മടങ്ങണം. എത്ര കോടികണക്കിന് കൊതുകുകളാണ് മരിക്കുന്നത് അതുകൊണ്ടാണ് രാമൻ പോയി, രാവണനും പോയി.... എന്ന് പാടാറുള്ളത്, തിരിച്ച് പോകണമല്ലോ. നിങ്ങൾ പിന്നെ പുതിയ ലോകത്തിൽ വരും. അവിടെ വളരെ കുറച്ച് പേരെ കാണുകയുള്ളു. ഇത് മനസിലാക്കേണ്ടതും നിശ്ചയമുണ്ടാകേണ്ടതുമായ കാര്യമാണ്. ഈ ജ്ഞാനം ബാബയ്ക്കേ നൽകാൻ സാധിക്കൂ. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) എഴുനേൽക്കുമ്പോഴും ഇരിക്കുമ്പോഴും നടക്കുമ്പോഴും നമ്മൾ അഭിനേതാക്കളാണെന്ന് മനസിലാക്കണം, നമ്മൾ 84 ജൻമങ്ങളുടെ പാർട്ട് പൂർണ്ണമാക്കി, ഇപ്പോൾ വീട്ടിലേക്ക് തിരിച്ച് മടങ്ങണം എന്ന് മനസിൽ വയ്ക്കണം.

2) നിശ്ചയബുദ്ധിയായി മുള്ളിൽ നിന്ന് പുഷ്പമാകാനുള്ള പുരുഷാർത്ഥം ചെയ്യണം. മായയോട് യുദ്ധം ചെയ്ത് കർമ്മാതീതമാകണം. എത്രത്തോളം സാധിക്കുന്നുവോ തന്റെ വീടിനെ ഓർമ്മിക്കണം.

## വരദാനം:- തന്റെ ഭാരരഹിത സ്ഥിതിയിലൂടെ ഓരോ കാര്യത്തെയും ലൈറ്റാക്കി മാറ്റുന്ന ബാബയ്ക്ക് സമാനം സ്നേഹിയും-വേറിട്ടവരുമായി ഭവിക്കൂ

മനസ്സ്-ബുദ്ധി-സംസ്ക്കാരം - ആത്മാവിന്റെ ഏത് സൂക്ഷ്മ ശക്തികളാണോ ഉള്ളത്, മൂന്നിലും ഭാരരഹിത അനുഭവം ചെയ്യണം, ഇതാണ് ബാബയ്ക്ക് സമാനം സ്നേഹിയും-വേറിട്ടതുമാകുക എന്തുകൊണ്ടെന്നാൽ സമയമനുസരിച്ച് പുറമെയുള്ള തമോപ്രധാന അന്തരീക്ഷം, മനുഷ്യാത്മാക്കളുടെ വൃത്തിയിൽ ഭാരമുണ്ടാക്കും. എത്രത്തോളം പുറമെയുള്ള അന്തരീക്ഷം ഭാരമുള്ളതാകുന്നോ അത്രത്തോളം താങ്കൾ കുട്ടികളുടെ സങ്കൽപം, കർമ്മം, സംബന്ധം ലൈറ്റായിക്കൊണ്ടിരിക്കും ഭാരരഹിതമാകുന്നത് കാരണം മുഴുവൻ കാര്യവും ഭാരരഹിതമായി നടന്നുകൊണ്ടിരിക്കും. കർത്തവ്യത്തിന്റെ പ്രഭാവം താങ്കളിൽ പതിയില്ല, ഇതാണ് ബാബയ്ക്ക് സമാനമായ സ്ഥിതി.

## സ്ലോഗൻ:- ഈ അലൗകിക സ്ഥതിതിയിൽ കഴിയൂ ആഹാ ഞാൻ അപ്പോൾ ശരീരത്തിൽ നിന്നും മനസ്സിൽ നിന്നും സ്വാഭാവികമായ ഡാൻസുണ്ടാകും.